(ബി) നെല്ല് സംഭരണം മൂലം കൊയ്ത്തുകാലത്ത് നെല്ലിന്റെ വില ക്രമാതീതമായി കുറയുന്നതു തടയാനും കൃഷിക്കാർക്ക് അവരവർ ഉല്പാദിപ്പിക്കുന്ന നെല്ലിന് മെച്ചപ്പെട്ട വില ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്.

(സി ആന്റ് ഡി) നെല്ലു സംഭരിച്ചതിന്റെ ഹാൻഡ്‌ലിംഗ് ചാർജ്ജ് മുഴുവനും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തത, ലഭ്യമായ തുക യഥാസമയം മാറാൻ ട്രഷറി നിയന്ത്രണം മൂലം സാധിക്കായ്ക എന്നീ കാരണങ്ങളാലാണ് കാലതാമസം നേരിടുന്നത്.

(ഇ) ജില്ല

പാലക്കാട്	1.50	ലക്ഷം കിന്റൽ
തൃശൂർ	1.25	,,
ആലപ്പുഴ	3.80	,,
കോട്ടയം	1.25	,,
പത്തനംതിട്ട	0.20	,,
	8.00	,,

ഉപ്പുവെള്ളം കയറി കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം

98 [381] ശ്രീ. തോമസ് ചാഴികാടൻ :

,, നാരായണക്കുറുപ്പ് :

,, റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാടൻ പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷിനാശം സംഭവിച്ച കർഷകർക്ക് ധനസഹായം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള നടപടികൾ ഏത് ഘട്ടംവരെയായി എന്നറിയിക്കാമോ;

(സി) ഇങ്ങനെ നഷ്ടപരിഹാരം നൽകുന്നതിനു നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ;

(ഡി) പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കുട്ടനാടൻ പാടശേഖരങ്ങളിൽ ഉപ്പുവെള്ളംകയറി കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനു സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി ആന്റ് സി) കുട്ടനാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറി ഉണ്ടായ നാശനഷ്ടത്തിന്റെ തോത് നിശ്ചയിക്കാൻ റവന്യൂവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയെ 23-12-2002-ലെ സർക്കാർ ഉത്തരവു പ്രകാരം ചുമതലപ്പെടുത്തിയിരിക്കുകയാണ്. അദ്ദേഹം നാശത്തിന്റെ തോത്, മാനദണ്ഡം തുടങ്ങിയവ പരിശോധിക്കുന്നു.

(ഡി) കുട്ടനാടൻ പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ തോട്ടപ്പള്ളി സ്പിൽവേയിലെ കേടുവന്ന ഷട്ടറുകൾ നീക്കംചെയ്ത് പുതിയവ സ്ഥാപിക്കുന്നതിനു ഇറിഗേഷൻ വകുപ്പു മുഖാന്തിരം നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ ഇടത്തോടുകളുടെ കേടുപാടുകൾ തീർക്കുന്നതിനുള്ള നടപടികളും ഇറിഗേഷൻ വകുപ്പു മുഖാന്തിരം സ്വീകരിച്ചുവരുന്നു.

കള്ളിൽ നിന്നും എത്തനോൾ നിർമ്മിക്കുവാൻ അനുമതി

99 [382] ശ്രീമതി മാലേത്ത് സരളാദേവി :

ശ്രീ. എൻ. ശക്തൻ :

,, സി. പി. മുഹമ്മദ് :

,, കെ. എ. ചന്ദ്രൻ :

,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരകർഷകനു സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികൾക്ക് അനുമതി നൽകണമെന്ന് ഇൻഫാം അഭ്യർത്ഥിച്ചിട്ടുണ്ട്;

(ബി) തെങ്ങിൻകള്ളിൽനിന്നും എത്തനോൾ നിർമ്മിക്കുന്നതിനുള്ള ഒരു നിർദ്ദേശം അവർ സമർപ്പിച്ചിട്ടുണ്ടോ;

(സി) കള്ളിൽനിന്നും എത്തനോൾ നിർമ്മിക്കുന്നത് തെങ്ങുകർഷകനു സാമ്പത്തിക നേട്ടം ഉണ്ടാക്കുവാൻ സഹായകമാകുമോ;

(ഡി) എങ്കിൽ കള്ളിൽ നിന്നും എത്തനോൾ നിർമ്മിക്കുവാൻ അനുമതി നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly